**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6456** **10-07-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ആദിവാസി നഗറുകളുടെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ എന്നീ ആദിവാസി നഗറുകളിലെ വൈദ്യുതീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ എന്നീ ആദിവാസി നഗറുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 4,07,02,000/-രൂപ (നാല് കോടി ഏഴ് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) ചെലവഴിച്ച് കെ.എസ്.ഇ.ബി മുഖേന വൈദ്യുതി എത്തിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആദിവാസി നഗറുകളിലെ എത്ര വീടുകളിൽ വൈദ്യുതി കണക്ഷൻ നിലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര വീടുകളിൽ ലഭ്യമാക്കുവാൻ ശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | തലവച്ചപ്പാറയിൽ 20 വീടുകളിലും, കുഞ്ചിപ്പാറയിലെ 35 വീടുകളിലും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. തലവച്ചപ്പാറയിൽ 58 വീടുകളിലും, കുഞ്ചിപ്പാറയിൽ 60 വീടുകളിലും വൈദ്യുതി കണക്ഷൻ നൽകാൻ ശേഷിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | തലവച്ചപ്പാറ, കുഞ്ചിപ്പാറ നഗറുകളിലെ വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ